LSGD

# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

## പത്തനംതിട്ട ജില്ല
## ഉപജില്ലാ അദാലത്ത് സമിതി - 3

27/02/2024 ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ലാ അദാലത്ത് സമിതി -3 ന്റെ യോഗ മിനിറ്റ്സ്

പങ്കെടുത്തവർ

1. രാഗിമോൾ വി, ഇന്റേണൽ വിജിലൻസ് ഓഫീസർ,പത്തനംതിട്ട
2. വിനോദ് എസ് , അസി.എക്സ്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD പറക്കോട് ബ്ലോക്ക് പഞ്ചായത്ത്
3. ഗീത കെ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് 1 ,ടൗൺപ്ലാനിംഗ് ഓഫീസ് ,പത്തനംതിട്ട

പരിഗണിച്ച വിഷയം - കെട്ടിട പെർമിറ്റ് അനുവദിക്കുന്നതു സംബന്ധിച്ച്

അദാലത്ത് തീർപ്പ്

ശ്രീ രതീഷ്കുമാർ കുളനട ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പരിഗണിച്ചു. ശ്രീ രതീഷ് കുമാർ 2020 ൽ വിലയ്ക്കുവാങ്ങിയ 6 സെന്റ് സ്ഥലത്ത് ഒരു കെട്ടിടം നിലവിലുണ്ടായിരുന്നു. ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയപ്പോൾ മുൻവശത്തുകൂടി പോകുന്ന റോഡിൽനിന്നും അകലം പാലിക്കാത്തതിനാൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം മുൻഭാഗം ഇടിച്ചുമാറ്റം വരുത്തി കെട്ടിടം ക്രമവൽക്കരിച്ചുവെന്നും തുടർന്ന് കടമുറികൾക്ക് 2021 നവംബറിൽ നമ്പർ ലഭിച്ചുവെന്നും അപേക്ഷയിൽ പറയുന്നു. ടി കെട്ടിടത്തിന് മുകളിൽ താമസ സൗകര്യത്തിനായി പെർമിറ്റിന് അപേക്ഷിച്ചപ്പോൾ അനുമതി ലഭിച്ചിട്ടില്ലായെന്നും കെട്ടിടത്തിന്റെ വലതുഭാഗത്തായുള്ള 1.6 മീറ്റർ വീതിയുള്ള റോഡും കെട്ടിടവും തമ്മിൽ ദൂരപരിധി പാലിക്കാത്തതിനാൽ അനുമതി ലഭിച്ചില്ല. ടി കടമുറികൾ പണിയുന്ന സമയത്ത് റോഡ് നിലവിലുണ്ടായിരുന്നില്ല എന്നും 5 വർഷത്തിനുള്ളിലാണ് ഓട മാറ്റി നടപ്പാതയാക്കിയെന്നും വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകണമെന്നും അപേക്ഷിച്ചിരിക്കുന്നു. KPBR റൂൾ 13 പാലിക്കുന്ന തരത്തിൽ അപാകത പരിഹരിച്ച പ്ലാൻ സമർപ്പിക്കുന്നതിന് അറിയിപ്പ് നൽകിയെങ്കിലും ആയത് സമർപ്പിച്ചിട്ടില്ലായെന്ന് പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിരിക്കുന്നു. KPBR പാലിക്കും പ്രകാരമുള്ള അപേക്ഷ നൽകുവാൻ അപേക്ഷകന് നിർദ്ദേശം നൽകി

Ragi

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി - 3
ഇന്റേണൽവിജിലൻസ്ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്,പത്തനംതിട്ട

കോപ്പി

1. സെക്രട്ടറി കുളനട ഗ്രാമ പഞ്ചായത്ത്
2. ശ്രീ രതീഷ്കുമാർ